

നവംബർ 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം..

പാലസ്തീൻ തീവ്രവാദ ഗ്രൂപ്പുകളും യിസ്രായേലും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന സായുധ പോരാട്ടം ഒരിടവേളയ്ക്ക് ശേഷം ഒക്ടോബർ 7 ന് ആരംഭിച്ചു എന്നത് സമാധാനം കാംക്ഷിക്കുന്ന ലോകജനതയെ അത്യന്തം വ്യാകുലപ്പെടുത്തുന്നതാണ്. ഇപ്പോൾ യുദ്ധം പ്രവചനാതീതമായ ദുരന്തത്തിന്റെ നാളുകളിലേക്ക് കടന്നിരിക്കുന്നു. വംശീയ വൈരത്തിന്റെയും, കീഴടക്കലുകളുടെയും, പ്രതിരോധത്തിന്റെയുമൊക്കെ ചരിത്രം പേറുന്ന ഈ മേഖലയിലെ സംഘട്ടനങ്ങൾ വ്യത്യസ്തമായ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക താല്പര്യങ്ങളുടെ ആകെത്തുകയാണെന്നു നമുക്ക് മനസിലാക്കാം. രണ്ടു രാജ്യങ്ങളുടെ സായുധ സേനകൾ തമ്മിലുള്ള യുദ്ധമോ സംഘർഷമോ അല്ല ഇപ്പോൾ അവിടെ നടക്കുന്നത്. പ്രത്യുത തീവ്ര മതബോധ്യങ്ങൾ തമ്മിലുള്ള വൈരത്തിന്റെയും നിലനില്പിന്റെയും സംഘർഷം എന്ന ലേബലിലേക്കു അത് ചുരുക്കുന്നതിൽ രണ്ടു രാജ്യങ്ങളിലെയും ഭരണകർത്താക്കൾ വിജയിച്ചു. ഹമാസിന്റെ നിയന്ത്രണത്തിലുള്ള ഗാസ മുനമ്പിൽ നിന്ന് യിസ്രായേലിനെതിരെ 3,000 റോക്കറ്റുകളെങ്കിലും വിക്ഷേപിച്ചാണ് ആക്രമണം ആരംഭിച്ചത്. ഇരുവശത്തും നൂറു കണക്കിന് ആളുകൾ ഇതിനകം കൊല്ലപ്പെട്ടു, ആയിരങ്ങൾക്ക് ഭവനങ്ങളും മറ്റും നഷ്ടമായി. യുദ്ധമുഖത്ത് നിന്ന് രക്ഷപെടുവാൻ അഭയാർഥികൾ അഭയം തേടിയ ഗാസയിലെ ഗ്രീക്ക് ഓർത്തഡോക്സ് ദൈവാലയം ബോംബിട്ടു നശിപ്പിക്കപ്പെട്ടു, അനേകർ കൊല്ലപ്പെട്ടു. ജീവൻ നിലനിർത്തുവാൻ ആവശ്യമായ ഔഷധങ്ങളുടെയും ഭക്ഷണസാധനങ്ങളുടെയും ലഭ്യത തടഞ്ഞ് ഉപരോധം ഏർപ്പെടുത്തി. യുദ്ധത്തിൽ പാലിക്കേണ്ട അന്താരാഷ്ട്ര മര്യാദകൾ ഉൾക്കൊള്ളുന്ന ജനീവ കൺവെൻഷന്റെ നിബന്ധനകളൊക്കെ കാറ്റിൽ പറത്തി. ഒക്ടോബർ 18 ന് നടന്ന റോക്കറ്റാക്രമണത്തിൽ അൽ അഹ്ലി ബാപ്റ്റിസ്റ്റ് ആശുപത്രിയിലെ നൂറ് കണക്കിനാളുകൾ കൊല്ലപ്പെട്ടു. യുദ്ധമായാലും മാനുഷികാടിസ്ഥാനത്തിലുള്ള രാജ്യാന്തര നിയമങ്ങൾ പാലിച്ചു വേണമെന്നാണു ചട്ടം. രണ്ടാം ലോകയുദ്ധത്തിനു ശേഷം 1949 ൽ നടന്ന ജനീവ കൺവൻഷനുകൾ അംഗീകരിച്ച നിയമങ്ങളനുസരിച്ച് ആശുപത്രിയാക്രമണം ഗുരുതരമായ യുദ്ധക്കുറ്റമാണ്. പ്രദേശവാസികൾക്കും പരുക്കേറ്റവർക്കും തടവിലുള്ളവർക്കും യുദ്ധത്തിൽ മാനുഷിക പരിഗണന നൽകണമെന്നാണ് ജനീവ കൺവൻഷൻ അംഗീകരിച്ച മറ്റൊരു വ്യവസ്ഥ.

ഗാസയിലും പലസ്തീനിലെമ്പാടും യിസ്രായേലിലും മനുഷ്യർ മരിച്ചുവീഴുമ്പോൾ പ്രശ്നങ്ങളുടെ ചരിത്രമോ അതിന്റെ സാങ്കേതികതയോ അവലോകനം ചെയ്യുകയല്ല അടിയന്തിര ആവശ്യം. പ്രത്യുത ഈ സംഘർഷം അവസാനിപ്പിച്ചേ മതിയാകൂ. മതത്തിന്റെയും വിശ്വാസത്തിന്റെയും പുറംതോടുകളിൽ തീവ്ര വർഗ്ഗീയതയും തൻകാര്യ താല്പര്യങ്ങളും അടിച്ചേല്പിക്കപ്പെടുമ്പോൾ സംഭവിക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളെക്കുറിച്ചു നാം മനസ്സിലാക്കിയേ മതിയാവൂ. സാധാരണ ജനങ്ങളുടെ ജീവിതത്തിൽ ഇടപെടുന്ന, അവരുടെ വേദനകളിൽ അവരോടുകൂടെ കരയുന്ന യേശുവിനെ പലസ്തീന്റെയും യിസ്രായേലിന്റെയും തെരുവുകളിൽ നിലവിളിക്കുന്ന ഓരോ ജീവിതത്തിലും നമുക്ക് ദർശിക്കുവാനാകും. ഇപ്പോഴത്തെ സംഘർഷങ്ങൾ അവസാനിപ്പിക്കുവാൻ വേണ്ട നടപടികൾ യിസ്രായേലിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. അതോടൊപ്പം ലോക രാഷ്ട്രങ്ങളും യുണൈറ്റഡ് നേഷൻസും (UN) അനുരഞ്ജന ശ്രമങ്ങൾക്ക് നേതൃത്വം നല്കുമെന്നും മധ്യപൂർവ്വ ദേശത്ത് ശാശ്വതമായ സമാധാനം പുനഃസ്ഥാപിക്കുമെന്നും നമുക്കാശിക്കാം, അതിനു വേണ്ടി പ്രാർത്ഥിക്കാം. എല്ലാ വിഭാഗങ്ങൾക്കും നീതിപൂർവ്വമായ ജീവിതം സാധ്യമാക്കുന്ന സമാധാനത്തിനു വേണ്ടി നടക്കുന്ന ശ്രമങ്ങളെ നമുക്ക് പിന്തുണയ്ക്കാം.

സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ ഐക്യ ആഘോഷ ദിനമായി നവംബർ മാസം 12-ാം തീയതി ഞായറാഴ്ച വേർതിരിച്ചിരിക്കുന്നു. ദൗത്യ മേഖലകളിലെ പൊതുസാക്ഷ്യവും, നീതി, സമാധാനം എന്നീ മൂല്യങ്ങളിൽ ഉറച്ചുനിന്ന് വിവിധ വിഷയങ്ങളോടുള്ള സഭകളുടെ പൊതു പ്രതികരണങ്ങളുമായിരുന്നു ഈ ഐക്യവേദിയുടെ തുടക്കത്തിലെ പ്രധാന ഉദ്ദേശ്യങ്ങൾ. മൂന്നു സഭകളും യോജിച്ചു തിരഞ്ഞെടുത്ത തിയോളോജിക്കൽ കമ്മീഷനുകൾ പലപ്രാവശ്യം കൂടി ഈ കൂട്ടായ്മക്ക് പൊതുവായ ഒരു പേരുണ്ടായിരിക്കണം എന്ന് നിർദ്ദേശിച്ചതിന്റെ ഫലമായാണ് കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (സി.സി.ഐ.) എന്ന പേര് രൂപപ്പെട്ടത്. സഭയുടെ പുതുക്കത്തിലൂടെ മാത്രമേ തുറവിയുടെ വിവിധ മേഖലകളിലേക്ക് നമുക്ക് പ്രവേശിക്കാനാവൂ. ഈ വർഷത്തെ ഐക്യദിനത്തിൽ പുൾപ്പിറ്റ് എക്സ്ചെയ്ഞ്ചുകൾ ക്രമീകരിക്കുന്നതോടൊപ്പം ഐക്യ സംവാദങ്ങളും ചർച്ചകളും പഠനങ്ങളും സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. വ്യത്യസ്ത സാംസ്കാരിക പൈതൃകങ്ങൾ ഉൾക്കൊള്ളുന്ന സഭകൾ തമ്മിൽ കൂടുതൽ അടുത്തിടപെടേണ്ടത് ഇന്ത്യയിലെ ക്രിസ്തീയ സാക്ഷ്യത്തിന് അനിവാര്യം ആണെന്നോർക്കണം. യൂറോപ്പിലെ ഓൾഡ് കാതലിക് സഭയുമായി നാം നടത്തുന്ന ചർച്ചകളെയും ഇത്തരുണത്തിൽ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

അഖില ലോക സണ്ടേസ്കൂൾ ദിനമായി നവംബർ 5 വേർതിരിച്ചിരിക്കുന്നു. ലോക ചരിത്ര ഗതിയിൽ സണ്ടേ സ്കൂളുകളുടെ ചരിത്രം അവഗണിക്കാനാവാത്തതാണ്. വ്യവസായ വിപ്ലവത്തിന്റെ പരിണിത ഫലമായി യൂറോപ്പി ലെമ്പാടും കുടുംബങ്ങളിൽ സംഭവിച്ച മാറ്റങ്ങളെ അഭി മുഖീകരിക്കുവാനാണ് സണ്ടേസ്കൂൾ പ്രസ്ഥാനം രൂപം പ്രാപിച്ചത്. സഭയെയും സഭയുടെ നാഥനായ യേശുവി നെയും കുട്ടികൾക്ക് വെളിപ്പെടുത്തുന്നതിലൂടെ ക്രിസ്തു കേന്ദ്രീകൃത ജീവിതാനുഭവങ്ങളിലേക്ക് എങ്ങനെ ഒരു തലമുറയെ നയിക്കാം എന്ന് സണ്ടേസ്കൂളുകൾ കാണിച്ചു തന്നു. നമ്മുടെ സണ്ടേസ്കൂൾ സമാജത്തെയും, സണ്ടേ സ്കൂളുകൾക്കായി സമയം മാറ്റിവെക്കുന്ന എല്ലാ അധ്യാ പകരെയും ഓർത്തു ദൈവത്തെ സ്തുതിക്കാം. കേവലം മറ്റു പാഠശാലകളിൽ നിന്നും വിഭിന്നമായി മൂല്യാധി ഷ്ഠിത ജീവിതാനുഭവങ്ങളുടെ പങ്കുവയ്ക്കലാണ് സണ്ടേ സ്കൂളുകളിലൂടെ സംഭവിക്കേണ്ടത്. സണ്ടേസ്കൂൾ മത്സരങ്ങൾക്ക് മാത്രം പ്രാധാന്യം കൊടുക്കുന്ന ചില രെങ്കിലും ഉണ്ട് എന്നത് ദുഃഖകരമാണ്. മത്സരാധിഷ്ഠിത പഠനരീതി എത്ര അഭികാമ്യമെന്ന് ചിന്തിക്കേണ്ടിയിരി ക്കുന്നു.

ഐറിഷ് ജീവകാരുണ്യ സ്ഥാപനമായ കൺസേൺ വേൾഡ് വൈഡും ജർമൻ സംഘടനയായ വെൽറ്റ് ഹങ്കർ ഹിൽഫെയും ചേർന്ന് തയ്യാറാക്കുന്ന Global Hunger Index ൻപ്രകാരം 2023- ലെ ആഗോള പട്ടിണി സൂചികയിൽ ഇന്ത്യ 111-ാം സ്ഥാനത്താണ് എന്ന റിപ്പോർട്ട് പുറത്തു വന്നിരിക്കുന്നു. 125 രാജ്യങ്ങളുള്ള സൂചികയിൽ കഴിഞ്ഞ വർഷം ഇന്ത്യ 107-ാമതായിരുന്നു. പല അയൽരാജ്യങ്ങ ളേക്കാൾപിന്നിലാണ് ഇപ്പോൾ ഇന്ത്യയുടെ സ്ഥാനം. ഭാരത ജനതയുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് മുൻ ഗണന നൽകുന്ന കർമ്മപരിപാടി അടിയന്തരമായി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീ ത്താ സ്മാരക പ്രഭാഷണം കോട്ടയം മാങ്ങാനം സെന്റ് പീറ്റേഴ്സ് പള്ളിയിൽ വെച്ച് ഒക്ടോബർ 19 ന് നടത്തപ്പെട്ടു. Towards a New Vision and Mission for Churches, through Inter-Religious Dialogue എന്നതായിരുന്നു പ്രധാന ചിന്താ വിഷയം. സംവാദത്തിന്റെയും സമന്വയത്തിന്റെയും പ്രയോക്താവും അനുരഞ്ജനത്തിന്റെ സന്ദേശവാഹക നുമായിരുന്ന അഭിവന്ദ്യ തിരുമേനി മതാന്തര സംവാദ ങ്ങൾക്കും സമാധാന ശ്രമങ്ങൾക്കും ദേശീയ, അന്തർ ദേശീയ തലങ്ങളിൽ നേതൃത്വം നല്കിയിട്ടുള്ളതിനെ സമ്മേളനം പ്രത്യേകമായി അനുസ്മരിച്ചു. അഭിവന്ദ്യ തിരുമേനിയുടെ ജീവിതത്തിനായും ശുശ്രൂഷകൾ ക്കായും ദൈവത്തെ സ്തുതിക്കാം.

അയിരൂർ കർമ്മേൽ മന്ദിരം സ്ഥാപനങ്ങളുടെ സപ്തതി ആഘോഷ സമാപനം അനുഗ്രഹപ്രദമായിരുന്നു. ആതുര സേവനം ദൈവഭക്തിയുടെ അപരിത്യാജ്യഘടകമാ യും, സുവിശേഷ ഘോഷണത്തിന്റെ ഉപാധിയായും മനസ്സിലാക്കിയ മലങ്കര മാർത്തോമ്മാ സുറിയാനി സഭ, അഗതികളെയും അശരണരേയും നമ്മുടെ സഹോദരങ്ങളായി കണ്ട് സമാശ്വസിപ്പിക്കുന്നതിന് ധർമ്മസ്ഥാപനങ്ങൾ സ്ഥാപിച്ചു. 70 വർഷങ്ങൾക്ക പ്പുറം സഭയുടെ സത്വര ശ്രദ്ധ ആവശ്യമായിരുന്ന മേ ഖലകളോടുള്ള ക്രിയാത്മക പ്രതികരണത്തിലാണ് കർമ്മേൽ സ്ഥാപനകൾക്ക് ആരംഭമായത്. പ്രേഷി തവൃത്തിയിൽ ജാഗരൂഗരായ ഒരു പറ്റം ആത്മായ, വൈദിക നേതൃത്വത്തിന്റെ സമർപ്പണം സ്ഥാപനങ്ങ ളുടെ വളർച്ചയെ ത്വരിതപ്പെടുത്തി. ഈ കാലഘട്ടത്തിലും സഭയുടെ ഇടപെടൽ ആവശ്യമായ മേഖലകൾ നമ്മുടെ പരിസരങ്ങളിൽ അനവധിയാണ്. അവയോടുള്ള സമർ പ്പിത പ്രതികരണമാണ് ദൈവം നമ്മിൽ നിന്ന് ആഗ്രഹി ക്കുന്നത്. സ്വന്തമായി വീടില്ലാത്തവർ, മക്കളുടെ വിവാഹ ത്തിന് വകയില്ലാത്തവർ, പണമില്ലാത്തതിനാൽ ചികി ത്സയും വിദ്യാഭ്യാസവും നിഷേധിക്കപ്പെടുന്നവർ, പല കാരണങ്ങളാൽ അനാഥമാക്കപ്പെടുന്ന ബാല്യങ്ങൾ, കാലാവസ്ഥാ വ്യതിയാനം മൂലം കഷ്ടം അനുഭവിക്കുന്ന വർ, ഭീകരപ്രവർത്തനങ്ങൾ മൂലവും യുദ്ധം മൂലവും ചിതറി ക്കപ്പെടുന്നവർ ഇങ്ങനെ നീളുന്നു ഇന്നിന്റെ പ്രതിസന്ധി കൾ. ഇവരോടെല്ലാം നമുക്കൊരു ധർമ്മമുണ്ടെന്ന തിരി ച്ചറിവാണ് ഏറ്റവും അനിവാര്യം.

ഏതാനും ആഴ്ചകൾക്കപ്പുറം ഭാരതത്തിന്റെ വടക്ക് കിഴ ക്കൻ സംസ്ഥാനമായ മണിപ്പൂരിൽ നിന്നും 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന 30 പെൺകുട്ടികൾ തിരുവല്ലായിലുള്ള നിക്കോൾസൺ സ്കൂളിൽ എത്തി അവരുടെ പഠനം തുടരുന്നു. അഞ്ചുമാസത്തിലധികം അശാന്തമായ പരിസരങ്ങളിൽ കഴിഞ്ഞ ഈ കുട്ടിക ളുടെ പഠനം മാത്രമല്ല ഇതിലൂടെ സാധ്യമാകുന്നത്, അവർ അനുഭവിച്ചുവന്ന മാനസിക പിരിമുറുക്കത്തിൽ നിന്നും, അരക്ഷിത സാഹചര്യങ്ങളിൽ നിന്നും, ജീവന് ഭീഷണി യാകാവുന്ന പരിസരങ്ങളിൽ നിന്നുമുള്ള വിടുതൽ കൂടി യാണ്. അഞ്ചാം ക്ലാസ്സിൽ ഏഴും, ആറാം ക്ലാസ്സിൽ നാലും, ഏഴാം ക്ലാസ്സിൽ ഏഴും, ഏട്ടാം ക്ലാസ്സിൽ പന്ത്രണ്ടും വിദ്യാ ർത്ഥിനികളാണ് ഇപ്പോൾ നിക്കോൾസൺ സെൻട്രൽ സ്കൂളിൽ സി.ബി.എസ്.ഇ. പഠനം തുടരുന്നത്. ഇനിയും വിദ്യാർത്ഥികൾ പഠനത്തിന് സാധ്യത തേടി മണി പ്പൂരിൽ നിന്നും അന്വേഷണം നടത്തുന്നുണ്ട്. റസിഡൻ ഷ്യൽ സൗകര്യമുള്ള നമ്മുടെ വിദ്യാഭ്യാസ സ്ഥാപന ങ്ങൾ ഇങ്ങനെയുള്ളവരെ സഹായിക്കുവാനുള്ള സാധ്യത കൾ അന്വേഷിക്കുന്നത് ഉചിതമാണ്. യേശു കർത്താവ് തന്റെ ശുശ്രൂഷയിലൂടെ സമൃദ്ധമായ ജീവനാണ് ലോകത്തിന് പ്രദാനം ചെയ്തത്. ജീവന്റെ സാധ്യത കളെ കെടുത്തിക്കളയുന്ന എല്ലാത്തിനോടും പ്രതികരി ക്കുവാൻ സഭയ്ക്ക് കടമയുണ്ട്. ഈ തിരിച്ചറിവാണ് ഈ ദൃശ പ്രവർത്തനങ്ങൾക്ക് സഭയെ പ്രചോദിപ്പിക്കു ന്നത്. ഇതിന് ചുമല് കൊടുക്കുവാൻ വിശ്വാസ സമൂഹ ത്തിന് സാധിക്കണം. മണിപ്പൂരിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏവരുടെയും സഹക രണവും പ്രോത്സാഹനവും അത്യന്താപേക്ഷിതമാണ്. താല്പര്യമുള്ളവർക്ക് സഭാ ആഫീസുമായി ബന്ധപ്പെ ടാവുന്നതാണ്.

മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശത്താലും സുവി ശേഷ പ്രഘോഷണത്താലും അനുഗൃഹീതമായ നില യ്ക്കൽ അഥവാ ചായൽ എന്ന പ്രദേശത്ത് രൂപീകൃത മായ എക്യുമെനിക്കൽ ട്രസ്റ്റിന്റെയും സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയത്തിന്റെയും റൂബി ജൂബിലി ആഘോഷങ്ങൾ ഒക്ടോബർ 29ന് ആരംഭിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് നിലയ്ക്കൽ സെന്റ് തോമസ് ദൈവാലയത്തിൽ നടക്കുന്ന സഭൈക്യ പ്രാർഥനാ ശുശ്രൂഷയിലും ജൂബിലി ഉദ്ഘാടന സമ്മേളന

ത്തിലും കേരളത്തിലെ അപ്പോസ്തോലിക സഭകളുടെ മേല്പട്ട-വൈദിക- അത്മായ നേതാക്കളും ജനപ്രതിനിധികളും പങ്കെടുക്കും. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളിലൊന്നാണ് നിലയ്ക്കൽ പള്ളി. പതിനാലാം നൂറ്റാണ്ട് വരെ നിലയ്ക്കൽ വളരെ സജീവമായ ജനവാസകേന്ദ്രമായിരുന്നെങ്കിലും പില്ക്കാലത്ത് ജനങ്ങൾ കൂട്ടത്തോടെ അവിടെ നിന്നും മറ്റ് സമീപ ഇടങ്ങളിലേക്ക് കുടിയേറി. ഒരു കാലത്ത് തങ്ങൾക്കുണ്ടായിരുന്നതും പിന്നീട് നഷ്ടപ്പെട്ടതുമായ പൈതൃകവും തനിമയും വീണ്ടെടുക്കുവാൻ കേരളത്തിലെ സെന്റ് തോമസ് പൈതൃകമുള്ള വിവിധ സഭകളിൽപ്പെട്ട വിശ്വാസ സമൂഹങ്ങൾ അത്യധികം അദ്ധ്വാനിച്ചതിന്റെ ഫലമായാണ് 1984 ൽ കേരളത്തിലെ എപ്പിസ്ക്കോപ്പൽ സഭകളുടെ നേതൃത്വത്തിൽ കേരള ഗവൺമെന്റിന്റെ സഹായത്തോടെ നിലയ്ക്കൽ പള്ളിയും ട്രസ്റ്റും സ്ഥാപിതമായത്. ഈ എക്യൂമെനിക്കൽ ബന്ധം ലോക എക്യൂമെനിക്കൽ പ്രസ്ഥാനത്തിന് തന്നെ മാതൃകയാണ്. എല്ലാവരും ഒന്നായിത്തീരണമെന്ന കർത്തൃപ്രാർത്ഥനയാണ് (യോഹ. 17:21) നിലയ്ക്കൽ പ്രസ്ഥാനത്തിന്റെ ആത്യന്തിക ലക്ഷ്യം. അടുത്ത ഒരു വർഷക്കാലം റൂബി ജുബിലി ആഘോഷങ്ങൾ വിവിധ സഭകളുടെ കൂട്ടായ്മയിലും നേതൃത്വത്തിലും നടത്തപ്പെടുവാനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നു. എല്ലാവരും ക്രിസ്തുവിൽ ഒന്നാകാൻ വേണ്ടി ഐക്യത്തിന്റെ ആത്മാവിന്റെ ഇടപെടലിനായി നമുക്ക് പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം.

പത്തനംതിട്ട ജില്ലാ കളക്ടറായി കഴിഞ്ഞ രണ്ടു വർഷക്കാലം പ്രവർത്തിച്ച ഡോ. ദിവ്യ എസ്. അയ്യർ ആ സ്ഥാനത്ത് നിന്ന് ഒഴിഞ്ഞിരിക്കയാണല്ലോ. കൊവിഡ് മഹാമാരിയുടെ മൂർധന്യാവസ്ഥയിൽ ജില്ലയിൽ ചുമതല ഏറ്റെടുക്കുമ്പോൾ ഡോക്ടർ കൂടിയായ കളക്ടർക്ക് ഉത്തരവാദിത്തം ഏറെയായിരുന്നു. വിവാദങ്ങളൊന്നും സൃഷ്ടിക്കാതെ സർക്കാർ പരിപാടികൾ വിജയിപ്പിക്കുവാൻ ഡോ. ദിവ്യ എസ്. അയ്യർക്ക് സാധിച്ചു. സർക്കാർ പരിപാടികൾക്കൊപ്പം സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും സജീവ സാന്നിധ്യമായിരുന്നു കളക്ടർ. മാർത്തോമ്മാ സഭയുടെ ഒരു ഉത്തമ സുഹൃത്തായിരുന്ന ഡോ. ദിവ്യ എസ്. അയ്യർ മാരാമൺ കൺവെൻഷൻ ഉൾപ്പെടെ സഭയുടെ വിവിധ പരിപാടികൾ സുഗമമായി നടക്കുവാൻ ഏറെ യത്നിച്ചു. പത്തനംതിട്ട കളക്ടർ എന്ന പദവിയിലുള്ള അവസാന ദിവസങ്ങളിൽ നിക്കോൾസൺ സ്കൂളിലെത്തി മണിപ്പൂരിൽ നിന്നെത്തിയ വിദ്യാർത്ഥിനികളെ പ്രോത്സാഹിപ്പിക്കുവാൻ സമയം കണ്ടെത്തി. ഡോ. ദിവ്യ എസ്. അയ്യരുടെ സേവനങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തുന്നു, തുടർന്നുള്ള പ്രവർത്തന മേഖലകളിലും ദൈവകൃപ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഏഷ്യയിലെ വിവിധ ക്രൈസ്തവ സഭകളുടെ ഏകോപന വേദിയായ ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ (സി.സി.എ.) യുടെ 15-ാമത് അസംബ്ലി സെപ്തംബർ 28 മുതൽ ഒക്ടോബർ 3 വരെ കോട്ടയത്ത് നടന്നു. സഭകളുടെ ഒരുമിച്ചുള്ള കൂടിവരവിനും ഐക്യം ശക്തിപ്പെടുത്തുന്നതിനും ഇത് മുഖാന്തിരമായി. കേരളത്തിലുള്ള മറ്റ് സഭകളോട് ചേർന്ന് മാർത്തോമ്മാ സഭയും അസംബ്ലിയുടെ ആതിഥേയരായി നേതൃത്വം നല്കുകയും, നമ്മുടെ സഭയിൽ നിന്നും ഒരു സംഘം പ്രതിനിധികൾ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ അസംബ്ലിയിൽ സംബന്ധിക്കുകയും ചെയ്തു. അടുത്ത 5 വർഷത്തേക്ക് സി. സി. എ. ജനറൽ സെക്രട്ടറിയായി നമ്മുടെ സഭാംഗവും മാർത്തോമ്മാ സഭാ കൗൺസിൽ മുൻ അംഗവുമായ ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കരയും, വൈസ് മോഡറേറ്ററായി മലേഷ്യൻ കൗൺസിൽ ഓഫ് ചർച്ചസ് വനിതാ പ്രസിഡന്റും ക്ലാങ്ങ് മാർത്തോമ്മാ ഇടവകാംഗവുമായ ഡോ. അന അലീഷാ മാത്യു സൈമണും തിരഞ്ഞെടുക്കപ്പെട്ടു എന്നത് നമുക്ക് അഭിമാനകരമാണ്. അവരെ അനുമോദിക്കുകയും സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

ഒക്ടോബർ മാസം ബാംഗ്ലൂർ വൈറ്റ് ഫീൽഡിലുള്ള എക്യൂമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ചു. 12 മുതൽ 15 വരെ മലേഷ്യയിലും 25 മുതൽ 27 വരെ കുവൈറ്റിലുമുള്ള നമ്മുടെ ഇടവകകൾ സന്ദർശിക്കുന്നതിനും ക്രമീകരിക്കപ്പെട്ട വിവിധ പ്രോഗ്രാമുകൾക്ക് നേതൃത്വം നല്കുന്നതിനും സാധിച്ചു. നമ്മുടെ വിവിധ ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ പട്ടക്കാരുടെ സമ്മേളനങ്ങൾ ക്രമീകരിക്കുകയുണ്ടായി. നവംബർ മാസം 28 മുതൽ ഡിസംബർ 1 വരെ വൈദിക വാർഷിക സമ്മേളനം ചരൽക്കുന്നിൽ വെച്ച് നടത്തപ്പെടുന്നു. Youth of the present: Perceptions and Perspective - a Pastoral Response എന്നതാണ് പ്രധാന ചിന്താവിഷയം. വൈദികരുടെ കൂട്ടായ്മയ്ക്കും, പഠനത്തിനും, നവദർശനങ്ങൾക്കും ക്ലർജി കോൺഫറൻസ് മുഖാന്തിരമാകട്ടെയെന്ന് പ്രാർത്ഥിക്കാം. ഈ നാളുകളിൽ നമ്മുടെ സഭയിൽ 18 പേർ ശെമ്മാശ്-വൈദിക സ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്നു. നിയോഗ ശുശ്രൂഷകളിലും അവരെ ഭരമേല്പിക്കുന്ന ശുശ്രൂഷാ സ്ഥാനങ്ങളിലും ദൈവ കൃപയുടെ വ്യാപാരം ഉണ്ടാകേണ്ടതിനായി ഏവരും പ്രാർത്ഥിക്കണം.

നമ്മുടെ സഭയിൽ റമ്പാൻ സ്ഥാനത്തേക്ക് നിയോഗിതരായ ദിവ്യശ്രീമാന്മാരായ സാജു സി. പാപ്പച്ചൻ, ഡോ. ജോസഫ് ഡാനിയേൽ, മാത്യു കെ. ചാണ്ടി എന്നിവർ ഈ നാളുകളിൽ വിവിധ ഭദ്രാസനങ്ങളിൽ തിരുമേനിമാരുടെ മേൽനോട്ടത്തിൽ സഭയുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കുകയും, ജനങ്ങളെ കേൾക്കുകയും അവരോട് ഇടപെടുകയും പഠനത്തിനും പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി സമയം ചിലവിടുകയും ചെയ്യുന്നു. ഒക്ടോബർ മാസത്തിൽ നിരണം - മാരാമൺ, കൊട്ടാരക്കര - പുനലൂർ, ചെങ്ങന്നൂർ - മാവേലിക്കര, തിരുവനന്തപുരം - കൊല്ലം, കുന്ദംകുളം - മലബാർ എന്നീ ഭദ്രാസനങ്ങൾ സന്ദർശിച്ചു. കേരളത്തിലുള്ള മറ്റ് ഭദ്രാസനങ്ങളിൽ സന്ദർശനത്തിനും, പീരുമേട് റിട്രീറ്റ് സെന്ററിൽ ധ്യാനത്തിനും നവംബർ മാസം ക്രമീകരണം ചെയ്തിരിക്കുന്നു. ഡിസംബർ മാസം 2-ാം തീയതി ശനിയാഴ്ച രാവിലെ 7. 30 ന് തിരുവല്ലായിൽ വച്ച് അവരെ എപ്പിസ്ക്കോപ്പാമാരായി അഭിഷേകം ചെയ്യുന്നതുമാണ്. നിയോഗിതർക്ക് ദൈവകൃപ ലഭിക്കുന്നതിനും നിയോഗ ശുശ്രൂഷകൾ സഭയ്ക്ക് അനുഗ്രഹകരമാകുന്നതിനും ഏവരും തുടർന്നും മുട്ടിപ്പായി നിരന്തരം പ്രാർത്ഥിക്കണം. നവംബർ 26 ഞായറാഴ്ച പ്രത്യേക പ്രാർത്ഥനാ ദിനമായി വേർതിരിക്കുകയും, എല്ലാവരും നിയോഗ ശുശ്രൂഷയിൽ വന്ന് സംബന്ധിച്ച് ശുശ്രൂഷകൾ ധന്യമാക്കുകയും വേണം.

തിരുവല്ല എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിട്യൂട്ട് അദ്ധ്യാപകൻ റവ. ഡോ. അലക്സ് തോമസ് അച്ചൻ കർത്തൃസ

ന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സഭാ ചരിത്രത്തിൽ അവഗാഹമായ പാണ്ഡിത്യമുള്ള അച്ചൻ ദൈവശാസ്ത്ര അഭ്യസന രംഗത്ത് നല്കിയ സംഭാവനകൾ വളരെ വലുതായിരുന്നു. അച്ചന്റെ ധന്യമായ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കാം. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ ഒരു ടേം മലങ്കര സഭാ താരകയുടെ പ്രസിദ്ധീകരണത്തിന് നേതൃത്വം നല്കിയ പത്രാധിപസമിതിയെയും മാനേജിംഗ് കമ്മിറ്റിയെയും അഭിനന്ദിക്കുന്നു. താരക ചെയർമാൻ അഭി. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ, ചീഫ് എഡിറ്റർ റവ. ഡോ. രഞ്ജൻ ജോൺ നെല്ലിമൂട്ടിൽ, മാനേജർ റവ. ഡോ. റ്റി. റ്റി. സഖറിയ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. താരകയുടെ സാരഥികളായി ചുമതലാ സ്ഥാനത്തേക്ക് പ്രവേശിക്കുന്നവർക്ക് ആശംസകൾ നേരുന്നു.

വ്യത്യസ്ത കാരണങ്ങളാൽ നവംബർ മാസം സഭാ ജീവിതത്തിൽ ശ്രദ്ധേയമാണ്. സഭാ വർഷത്തിന്റെ ആരംഭം കുറിക്കുന്ന കുദോശ് ഇത്തോ, സഭയുടെ പുതുക്കത്തെ ധ്യാനിക്കുന്ന ഹൂദോസ് ഈത്തോ, അറിയിപ്പുകളുടെ കാലത്തിന്റെ ആരംഭം ഇവയൊക്ക ഈ മാസത്തിൽ ആണല്ലോ. നവംബർ 5 ഞായറാഴ്ച സഭാ വത്സരത്തിന്റെ ആരംഭം ആണ്. കർത്താവിന്റെ പരസ്യ ശുശ്രൂഷയോടും അവിടുത്തെ രക്ഷാകര ഇടപെടലുകളോടും താദാത്മ്യപ്പെടുന്നതിനു സഭാമക്കൾക്കു അവസരം നൽകുന്ന രീതിയിലാണ് സഭാ പഞ്ചാംഗം ക്രമീകരിച്ചിരിക്കുന്നത്. സഭാ വർഷത്തിലെ കാലങ്ങളും അവ ധ്യാനിക്കാൻ സഹായകരമായ വേദഭാഗങ്ങളും നമ്മുടെ ആരാധനാ ജീവിതത്തെ തികച്ചും സഹായിക്കും. അഖില ലോക സണ്ടേസ്കൂൾ ദിനത്തിൽ നാം ധ്യാനിക്കുന്നത് 'കർത്താവിന്റെ നൊമ്പരങ്ങളിൽ പങ്കു വഹിക്കേണ്ട കുഞ്ഞുങ്ങൾ' എന്ന ചിന്താവിഷയമാണ്. ഇളംതലമുറയെ ദൈവബന്ധത്തിൽ വളർത്തി ദൈവരാജ്യ പ്രജകൾ ആക്കി രൂപാന്തരപ്പെടുത്തേണ്ടത് അനിവാര്യമാണ്. അതിനു ഭവന പശ്ചാത്തലവും ഒരുക്കപ്പെടണം. യേശുവിന്റെ പ്രസംഗം കേൾക്കാൻ കൂടി വന്ന പുരുഷാരത്തിനു ഭക്ഷണം കൊടുക്കുന്നതിന് കർത്താവിനു സഹായിയായി തീർന്നത് അഞ്ച് അപ്പവും രണ്ടു മീനും തനിക്കായി കരുതിയിരുന്ന ഒരു ബാലകൻ ആയിരുന്നു. തന്റെ കൈയ്യിൽ ഉള്ളത് വെളിപ്പെടുത്തുവാനും അതു കർത്താവിന്റെ കൈയ്യിൽ കൊടുക്കുവാനും മനസ്സായ ബാലകൻ ഒരു ചിരകാല മാതൃകയാണ്. മക്കളെ അത്തരം മനോഭാവങ്ങളിൽഒരുക്കിയെടുക്കാനും, ദൈവരാജ്യ മൂല്യങ്ങൾ അവരിൽ രൂപപ്പെടുത്തി എടുക്കുവാനും സഭാ സമൂഹത്തിനും ഉത്തരവാദിത്വം ഉണ്ടല്ലോ. വർദ്ധിതമായ പ്രതിബദ്ധതക്ക് സണ്ടേഡേസ്കൂൾ ദിനാചരണം നമ്മെ സഹായിക്കട്ടെ.

നവംബർ 12 ഞായറാഴ്ച സഭയുടെ പുതുക്കം (Renewal of the Church), എന്നതിനു ശക്തീകരണം നൽകുന്ന 'ഹൂദോസ് ഈത്തോ' ദിനാചരണം ആണല്ലോ. നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന സഭക്കു മാത്രമേ സംഗതമായ സാക്ഷ്യം നിർവഹിക്കാൻ കഴിയൂ. അന്നേ ദിവസം സി.എസ്.ഐ; സി.എൻ.ഐ സഭകളും മാർത്തോമ്മാ സഭയും തമ്മിലുള്ള ഐക്യാഘോഷത്തിന്റെ ദിവസം കൂടിയായി ആചരിക്കുന്നത് അർത്ഥപൂർണമാണ്. പൗരസ്ത്യ പാരമ്പര്യമുള്ള നമ്മുടെ സഭ, വ്യത്യസ്ത പാരമ്പര്യത്തിൽപെട്ട സഭകളോട് ഐക്യ കൂട്ടായ്മ ആചരിക്കുന്നത് ഭാരതീയ പശ്ചാത്തലത്തിൽ എത്രയും പ്രസക്തമാണ്. സുവിശേഷസാക്ഷ്യത്തിനും ദൗത്യനിർവ്വഹണത്തിനും ഇത് സഹായകരമാണ്. എക്യൂമെനിക്കൽ ബന്ധങ്ങൾ കൂടുതൽ വിശാലമാക്കാൻ കഴിയേണ്ടത് ഈ കാലഘട്ടത്തിന്റെ പ്രത്യേക ആവശ്യവുമാണ്.

നവംബർ 19 ഞായറാഴ്ച സെഖര്യാവിനോടുള്ള അറിയിപ്പ് ധ്യാനിക്കുന്ന ദിവസം ആണ്. അറിയിപ്പുകളുടെ കാലം, ദൈവീക പദ്ധതികളിലേക്ക് ദൈവം തന്റെ വിശ്വസ്തരെ വിളിച്ചു നിയോഗിക്കുന്ന സംഭവങ്ങൾ നാം ധ്യാനിക്കുന്നു. ഏതു കാലത്തും ദൈവം, തന്നോടു ചേർന്നിരിക്കുന്നവരെയാണ് പ്രത്യേക നിയോഗങ്ങൾ ഏല്പിക്കുന്നത്. വ്യക്തിപരമായ ദുഃഖങ്ങൾ ഉള്ളപ്പോഴും അങ്ങനെയുള്ളവരുടെ ദൈവബോധത്തിനും ആരാധനയ്ക്കും കുറവു സംഭവിക്കുന്നില്ല. സെഖര്യാ പുരോഹിതൻ നീതിയുള്ളവനും കർത്താവിന്റെ സകല വഴികളിലും നടക്കുന്നവനും ആയിരുന്നല്ലോ. വിശുദ്ധമായ ഒരു നിയോഗത്തിന് യോഹന്നാൻ സ്നാപകനെ ഒരുക്കിയെടുക്കാൻ ദൈവം ഉപയോഗിച്ചത് വിശുദ്ധിയുടെ പാതകളിൽ നടന്ന വയോധിക കുടുംബത്തെ ആയിരുന്നുവല്ലോ. നമ്മുടെ കാലത്തും ഇടറിപ്പോകാതെ കർത്താവിന്റെ വഴികളിൽ നടന്ന്, ദൈവീക പദ്ധതികളിൽ നമുക്കും അണി ചേരാൻ കഴിയട്ടെ.

നവംബർ 26 ഞായറാഴ്ച കന്യക മറിയാമ്മിനോടുള്ള ദൈവീക അറിയിപ്പിനെ നാം ധ്യാനിക്കുകയാണ്. സഭ ഈ സംഭവത്തെ വലിയ പ്രാധാന്യത്തോടെയാണ് അനുസ്മരിക്കുന്നത്. ലോകത്തെ സംബന്ധിച്ചിടത്തോളം ആ അറിയിപ്പ് 'മംഗളവാർത്ത' ആയിത്തീർന്നു എങ്കിലും മറിയയെ ഭ്രമിപ്പിച്ചു കളഞ്ഞ ഒന്നായിരുന്നുവല്ലോ. തന്റെ വ്യക്തിപരമായ താല്പര്യങ്ങളെക്കാൾ ദൈവീക പദ്ധതിക്കു വേണ്ടി സ്വയം അർപ്പിച്ച അനുഗ്രഹീതയാണ് മറിയ. അതുമാത്രമാണ് ലോകത്തിന്റെ വിമോചനത്തിനും തന്റെ ജനത്തിന്റെ അനുഗ്രഹത്തിനും വഴിയെന്നു തന്റെ ഉണ്മയിൽ ബോധ്യം ഉണ്ടായതു കൊണ്ടാവാം 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം പോലെ എനിക്കു ഭവിക്കുമാറാകട്ടെ' എന്നു പറയാൻ കന്യക മറിയാമിനു കഴിഞ്ഞത്. ദൈവം ആഗ്രഹിക്കുന്ന നിയോഗങ്ങൾ നമ്മെ വിവിധ മുഖാന്തിരങ്ങളിലൂടെ ഓർമ്മപ്പെടുത്തുമ്പോൾ, നമുക്കും സമർപ്പിതരാകാൻ മറിയ മാതൃകയാകട്ടെ. ദൈവത്തിനു വേണ്ടി ഉപയോഗപ്പെട്ട സകലരും നിരന്തര പ്രചോദനം ആയി തീരുമ്പോൾ ആണല്ലോ ഒരർത്ഥത്തിൽ വചനം നമ്മിലും ജഡം ധരിക്കുന്നത്.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
28.10.2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**